L F H ANTHIYOORKONAM

LK UNIT 2019

# പൂക്കളം







*കവിതകൾ

*കഥകൾ

*ലേഖനങ്ങൾ

*ചിത്ര ജാലകം

*സ്കൂൾ പ്രവർത്തന റിപ്പോർട്ട്



Smt.JAYASREE B G
HEADMISTRESS

## Message

**I extend my sincere appreciation for the effort of the LK members behind the publication of this school magazine.This magazine is the reflection of the creativity of our students and teachers. And it will remain as a n everlasting memoir for all of you.**



Sr.NIRMALA LEOS

Snr.Assistant

## MESSAGE

I sincerely congratulate this great attempt of the LK UNIT members of Little Flower Highschool. I wish this is magazine will be a memoir for the students of this school.

# എഡിറ്റോറിയൽ

**ലി**റ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ

പ്രസിദ്ദീകരിക്കുന്ന**പൂക്കളം** എന്ന സ്കൂൾ മാഗസിൻ

ഈ സ്കൂളിലെ വിദ്യാർത്ഥികൾക്ക്എന്നും സൂക്ഷിച്ചു

വയ്ക്കാവുന്ന ഒരു ഓർമ്മച്ചെപ്പായിരിക്കും......

ബിജിൻ രാജ്&ബിനോയ്

## ഉള്ളടക്കം

..........................................................................1
കവിത..........................................................................2
കവിത..........................................................................3
കഥ...............................................................................4
കുട്ടിക്കവിതകൾ..........................................................6
ഈ വാക്കുകൾ മലയാളത്തിൽ.....................................7
ജീവചരിത്രക്കുറിപ്പ്.......................................................8
കവിത..........................................................................9
കവിത........................................................................10
അനുസ്മരണം............................................................12
ലേഖനം ഷെർളിപ്രമീളറ്റീച്ചർ......................................13
സ്കൂൾപ്രവർത്തന റിപ്പോർട്ട്..........................................16

**17-20 PHOTOGALLERY**

**21-24 ENGLISH WORLD**

**25 പ്രതിഭകൾ**

# കവിത

മീനാക്ഷി വി.ജി. 10 ബി

## *നിലാവ്*



പാതിരാ നിലാവും താരകങ്ങളുമെവിടെ
പോയ് മറഞ്ഞു ?
നിങ്ങളെ കാണ്മതിനായി എൻ മനം
നോവേറ്റു നിൽക്കുന്നേറെ നേരമായി...
പതിതരാം മാനുഷർക്കൊക്കേയും
കുളിരായി, ആശ്വാസമായി വന്നണയും
നിലാവേ... ഇന്നെങ്ങു പോയ് മറഞ്ഞു നീ?
ഹുങ്കാര മോടെത്തിയ ജലപ്രവാഹം
കൂരിരുട്ടിനെ മറയാക്കി
ക്ഷണനേരം കൊണ്ടെല്ലാം തകർത്തെറിയവേ
നിസ്സഹായരായി നിന്നു പോയ്
മർത്യ ജന്മങ്ങൾ
ജാതിയും മതവും ഭിന്നിപ്പിച്ചു.. തല്ലിക്കെടുത്തിയ
മാനവികത ആ കൂരിരുട്ടിലും വെളിച്ചമായ്
എത്തുന്നു നിലാവു പോൽ
ആ പൂനിലാവിൽ കുളിച്ചു നിൽക്കുന്ന
ഗ്രമവും സ്വർഗ്ഗമെന്നപോൽ ശോഭിച്ചു.

കവിത.

ആര്യ.എ.ആർ 10 എ.ആർ

## കാത്തിരിപ്പ്



കണ്ണനീർ തട്ടി വിളിച്ചപ്പോളുർന്നമ്മ
പൊന്നു മകനേ എന്നെ വിട്ടു നീ പോയോ?
എങ്ങനെ ചെല്ലേണ്ടു ഞാൻ
എങ്ങിനി തിരയേണ്ടു ഞാൻ
ഓടി മറയുന്നതെങ്ങു നീ ...
ഇന്നലെ ഈ മുറ്റത്ത്
ചെറു പന്തുമായ് നീ നിൽക്കവേ
നിന്നരികിലായെത്തി തെന്നലും മഴയും
പിന്നെ കാർ മുകിലുകൾ രുദ്ര ഭാവം പൂണ്ടതും
ചെയ്തു തുള്ളിക്കൊരു കുടം
കവിഞ്ഞൊഴുകി വന്ന പുഴയോ
അഗ്നികുണ്ഠമായെത്തിയ മിന്നൽപ്പിണരുകളോ
കൊണ്ടു പോയ് നിന്നെയെന്നോമനേ..
കാണുവാൻ കഴിഞ്ഞില്ലെനിക്കൊന്നുമേ...
ഇന്നീ മാടത്തിന്നുമ്മറത്തേകയായിരിപ്പൂ ഞാൻ
നിന്നെയും കാത്തെന്നോമനേ..
കാലം മായ്ക്കാത്തോർമ്മകൾ നിറയും
മനസ്സുമായി കാത്തിരിക്കുന്നീയമ്മ....

കഥ

ആദിത്യ പ്രശാന്ത് എസ് 10 A

# സഹായഹസ്തം

‘ അമ്മേ' "ദേ നോക്കിയേ എന്തു രസമാണീ മഴ കാണാൻ"

ചുണ്ടിൽഒരു കുസൃതിച്ചിരിയുമായി ദേവൂട്ടി പറഞ്ഞു.

"അമ്പടി കള്ളിനീയാ മഴയുടെ ഭംഗി മാത്രമേ കണ്ടോളൂ?” അതിന്റെ പിന്നാലെയുള്ള ഈ ഭീതി പരത്തുന്ന കാറ്റിനെ നീ കാണുന്നില്ലേ?”

എത്ര ദിവസമായിഈ ദുരിതക്കെടുതി തുടങ്ങിയിട്ട്

വീട്ടിലാണേൽനാഴി അരി പോലും ഇല്ല .അടുപ്പിൽ തീ കൂട്ടാൻ ഒരു കെട്ട് ചൂട്ടില്ല.''

അമ്മയുടെആകുലതകളൊന്നുംദേവൂട്ടിയെ

ബാധിച്ചതേയില്ല.

"അമ്മാ ഇനി എനിക്കെന്നാണ് കൂട്ടുകാരുമൊത്ത് സ്കൂളിൽ പോകാൻ പറ്റുക?”

"അറിയില്ല മോളേ.''

ദേവൂട്ടിയുടെ അമ്മ പാടത്തു പണിയെടുത്താണ് അവളെ വളർത്തുന്നത്.ദേവു ഇപ്പോൾ നാലാം ക്ലാസ്സിലാണ്. അവൾക്ക്മൂന്നുവയസ്സുള്ളപ്പോൾഅവളുടെഅച്ഛൻപിണ ങ്ങിപ്പോയതാണ്. ആരുടെ ആശ്രയവും ഇല്ലാതെ തന്നെയാണ്

പിന്നെയുള്ളകാലംദേവൂനെകല്യാണിവളർത്തുന്നത്.

അന്ന്മഴയത്ത്കളിച്ചുകൊണ്ടിരിക്കുകയായിരുന്ന ദേവൂപെട്ടെന്ന് അമ്മാ എന്ന് ഉറക്കെ വിളിച്ചു കൊണ്ട് അകത്തേയ്ക്ക് ഓടിക്കയറി. മകളുടെ ഭയന്നുള്ള വിളി കേട്ട് പരിഭ്രമത്തോടെ അമ്മ ചോദിച്ചു. എന്താ മോളേ.. എന്തു പറ്റി?

"ദേനോക്കമ്മേ നമ്മുടെ വീട്ടുപടിക്കൽ തോട്

എനിക്ക് പേടിയാകുന്നു.” ദേവൂട്ടി കരച്ചിൽ തുടങ്ങി.

അമ്മ കല്യാണി അവളെ നെഞ്ചോട് ചേർത്തു. സങ്കടങ്ങൾ പറഞ്ഞ് ഒന്നുറക്കെ നിലവിളിക്കാൻ പോലും അവർക്ക് വെറെയാരും തന്നെ ഇല്ല.



നേരം നന്നേ വൈകി അമ്മയുടെ മാറിന്റെ ചൂടേറ്റ് ദേവൂട്ടി മയങ്ങി.കല്യാണി മ്മകളേയും ചേർത്തു പിടിച്ച് നിസ്സഹായായായിഇരുന്നു.ശരീരത്തിൽപറ്റുന്നആനനവ് അവൾതിരിച്ചറിയുന്നുണ്ടായിരുന്നു. പൊന്നുമകളെ നെഞ്ചോടു ചേർത്ത് ആ അമ്മ അരയ്ക്കൊപ്പം വെള്ളത്തിലിറങ്ങി. അകലെ നിന്നും ഒഴുകി വരുന്ന ജലപ്രവാഹത്തിൽ അവൾ പതറിയില്ല. ഒഴുകി വരുന്ന ജലപ്രവാഹത്തിൽ അവൾ പതറിയില്ല. എങ്ങനെയുംതന്റെമകളെരക്ഷിക്കണമെന്നോർത്ത്അ വൾനെട്ടോട്ടമോടി.വലേടത്തും അഭയം തേടി. പക്ഷേ

അവരെപോലെതന്നെഎല്ലാവരുംജീവൻരക്ഷാർത്ഥം നെട്ടോട്ടമോടുകയായിരുന്നു.അവളുടെവീടിനടുത്തായിരുന്നുകോടീശ്വരനായഅബ്കാരിദിവാകരന്റെ വീട്.ആവീട്ഒരുമാളികപോലായിരുന്നു.സമ്പന്നനായ അയാളുടെവീട്ടിൽകല്യാണിയും,മകളും സഹായംഅഭ്യർത്ഥിച്ചു. എന്നാൽ അയാൾ അവളയും ആനിഷ്കളങ്കമായകുട്ടിയേയുംആപെരുമഴയത്ത്ആട്ടിപായിച്ചു.വാവിട്ട്നിലവിളിക്കുന്നആഅമ്മയെയുംകുഞ്ഞിനെയുംഅയാൾചെളിവെള്ളത്തിലേയ്ക്ക്തള്ളിയിട്ടു.പക്ഷേആ അമ്മതന്റെമകളെമരണത്തിലേക്കിട്ടുകൊടുക്കാൻതയ്യാറായിരുന്നില്ല.മരണം മുന്നിലുണ്ടെന്ന് വിശ്വസിച്ചു കൊണ്ടു തന്നെ ആ ധീരയായ അമ്മ മുന്നോട്ട് നടന്നു '



അകലെ നിന്നും ഒരു ബോട്ട് വരുന്നത് അവൾ കണ്ടു. ആ ബോട്ടിൽ നിന്നും അവർക്കു നേരെ നീണ്ട സഹായ ഹസ്തങ്ങൾഈശ്വരന്റെകരങ്ങളായാണ്കല്യാണിയ്ക്ക് തോന്നിയത്..

പെട്ടെന്നാണ് അവൾ കണ്ടത്.അബ്കാരി ദിവാകരൻ ബോട്ടിനരികിലേക്ക് ഓടി വരുന്നു. അയാളുടെ വീട്ടിലേക്കുംവെള്ളംഇരച്ചുകയറിയിരുന്നു.ബോട്ടിനടുത്തെത്തിയഅയാളുടെ നേരെ ഒരു കുഞ്ഞിക്കൈയാണ് ആദ്യംനീണ്ടുവന്നത്.അത്ദേവൂട്ടിയുടെകൈയ്യായിരുന്നു. നിഷ്കളങ്കയായ ആ കുഞ്ഞിന്റെ കരുണ നിറഞ്ഞ പുഞ്ചിരിക്കണ്ട അയാൾ ലജ്ജിച്ചു താഴ്ത്തി. മകളുടെ നന്മയുള്ള മനസ്സു കണ്ട് ആ അമ്മ കൃതാർത്ഥയായി.

**കുട്ടിക്കവിതകൾ**

## മരച്ചില്ല

ഞാനൊരു മരച്ചില്ലയായ്
മാമരത്തിൽ വിലസിടുന്ന നേരം
കൂട്ടുകൂട്ടാൻ കൊതിച്ചൊരാ
പാവയ്ക്കിടം കൊടുത്തില്ല
തണലേൽക്കാൻ ചാരത്തണ
ഞ്ഞൊരു മനു ജനിടം കൊടുത്തില്ല.
ഇന്നിതാ....
ഈ മരച്ചോട്ടിലൊരു ചുള്ളിയായ്
ആരാന്റെടുപ്പിലൊരു
തീക്കനലായ്
ചാരമായ്
പൂഴിയായ് ...



## വികസനം


മാറി മാഫിയ സംഘം വന്നു
എന്നുടെയെല്ലുകൾ തല്ലിയൊടിച്ച്
മാംസപിണ്ഡമായ് മാറ്റിയിട്ടു
യന്ത്ര ഭീമൻ ജെ സി ബി
കവർന്നെടുത്തു കുന്നുകളെ
പിച്ചിച്ചീന്തി താഴ്വരയാക്കി
പുഞ്ചപ്പാടം വയലേലകളും
കുഴിച്ചുമൂടി കരുത്ത കാട്ടി
ഫ്ളാറ്റുകൾ വന്നു ഫാക്ടറി വന്നു
വികസനമെന്നാർത്തു പാടി



### ലീന ടീച്ചർ

## പമ്പരം

കുട്ടി തൻ കൈയിലൊരു പമ്പരം കിട്ടി
പമ്പരം കുട്ടിക്കൊരമ്പരപ്പായി
താഴെയിരുന്നാ പമ്പരം കറങ്ങി
മേലെയിരുന്ന മ്പരം കറങ്ങി
അമ്പരക്കറക്കം കണ്ടാ പമ്പരം ഞെട്ടി
പമ്പരം പെട്ടെന്നു നിന്നു പോയി
കുട്ടിക്കു സങ്കടം വന്നു പോയി
പമ്പരം കുട്ടിക്കൊരു നൊമ്പരമായി



ജനറ്റ് റ്റീച്ചർ

# ഈ വാക്കുകൾ മലയാളത്തിൽ



സെക്രട്ടറിയേറ്റ് - ഭരണാലയം

ടോയിലറ്റ് - ശുചി മുറി

വാറൻറി- ഉറപ്പ് രേഖ

എപ്പി സോഡ് - ലക്കം

ഡേറ്റാബേസ് - വിവരശേഖരണം

മോറൽ പോലീസ് - സദാചാര ഗുണ്ട

വാം അപ്- മെയ്യൊരുക്കം

ഡബ്ബിംങ് - മൊഴിപ്പകർച്ച

ഡമോൺസ്ട്രേഷൻ - മാതൃകാവതരണം


# ജീവചരിത്രക്കുറിപ്പ്

ജനറ്റ് റ്റീച്ചർ

# ചങ്ങമ്പുഴ കൃഷ്ണപിള്ള

രമണൻ എന്നു കേട്ടാൽ ചങ്ങമ്പുഴയെന്ന് ഓർക്കാത്തവർ മലയാളികളാവില്ല.അതു പോലെ വാഴക്കുലയും മനസ്വിനിയും പാടുന്ന പിശാചും അറിയാത്ത മലയാളികളുണ്ടാവില്ല' അത്രമേൽ മലയാളികളോടു ചേർന്നു നിൽക്കുന്ന കവിയാണ് ചങ്ങമ്പുഴ കൃഷ്ണപിള്ള.അപൂർവ്വങ്ങളിൽഅപൂർവ്വമായഒരുകാവ്യപ്രതിഭാസമായിരുന്നു ചങ്ങമ്പുഴയുടെ രമണൻ.പെട്ടെന്ന് മിന്നിപ്പടർന്ന് ചുറ്റിലും പ്രകാശം പരത്തി ചുറ്റുമുള്ളതെല്ലാം തിളക്കി ജ്വാലാ കലാപം സൃഷ്ടിച്ച് പൊടുന്നനെ പൊലിഞ്ഞു പോയ ആ അത്ഭുത പ്രതിഭാസത്തെയാണ് മലയാള കാവ്യലോകം ചങ്ങമ്പുഴയെന്നു വിളിച്ചത്.

ജീവിച്ചിരുന്ന 37 വയസ്സിനുള്ളിൽ പ്രവർത്തനനിരതമായ 17 വർഷത്തെകാവ്യജീവിതംസമാനതകളില്ലാത്തതായിരുന്നു. മലയാളികൾ ഇത്രയേറെ സ്നേഹിച്ച മറ്റൊരു കവിയുമില്ല.മലയാളത്തിലെചെറുപ്പക്കാരെഒന്നടങ്കംആകർഷിക്കുകയുംസ്വാധീനവലയത്തിലാക്കുകയുംചെയ്തകാലമായിരുന്നുചങ്ങമ്പുഴക്കാലം.ആത്മദു:ഖങ്ങളുംപ്രണയവൈവശ്യവും ,മരണാനുരാഗവും കവിതയിലുടനീളം ദർശിക്കാനാവും. കണ്ണീരും, കിനാവും നിറഞ്ഞു നിന്ന വരികളിലൂടെ അദ്ദേഹം മലയാള കാവ്യ ലോകത്ത് വിപ്ളവം സൃഷ്ടിച്ചു.






1911 ഒക്ടോബർ 10 ന് എറണാകുളം ഇടപ്പള്ളിയിൽ നാരയണമേനോന്റെയുംചങ്ങമ്പുഴവീട്ടിൽപാറുക്കുട്ടിയമ്മയുടെയുംമകനായിജനിച്ചു.വിദ്യാർത്ഥിയായിരുന്ന കാലത്തു തന്നെ കവിതകൾ എഴുതിത്തുടങ്ങിയ ' അദ്ദേഹത്തിന്റെ ജീവിതം ദുരന്ത മയമായിരുന്നു.മദ്യപാനവും' താളം തെറ്റിയ ജീവിതവുംജോലിയിലെഅസ്ഥിരതയുമെല്ലാംഅദ്ദേഹത്തെമടുപ്പിച്ചു.കണക്കപ്പിള്ളയായുംപട്ടാളക്കാരനായുംഅധ്യാപകനായും മാറി മാറി ജോലി നോക്കി.

പ്രധാന കൃതികൾ **:**'രമണൻ. ബാഷ്പാഞ്ജലി ഹേമന്ത ചന്ദ്രിക, ' സ്പന്ദിക്കുന്ന അസ്ഥിമാടം., സങ്കല്പ കാന്തി: ' ഓണപ്പൂക്കൾ**,**പാടുന്ന പിശാച്, വാഴക്കുല

1948 ജൂൺ 17 ന് ഈ ലോകത്തോട് ചങ്ങമ്പുഴ വിടവാങ്ങി

# കവിത

കീർത്തി 8B

## നിലാവ്



നിലാവേ നീയറിയുന്നുവോ
നിന്നെക്കാണുവാനായി
കൊതിക്കുമെൻ മാനസം
എത്ര രാവുകളായി ഞാൻ
കത്തിരിക്കുന്നു നീ വിതറും
വെളിച്ചത്തിൽ കുളിച്ചൊരുങ്ങാൻ
അകലെ നിൽക്കുന്ന
താരകങ്ങൾ കളിയാക്കി
കൺചിമ്മുന്നെന്നെ നോക്കി
കാർമേഘക്കൂട്ടങ്ങൾ
ഒളിപ്പിച്ചു വച്ചുവോ നിന്നെ ...
തോഴനാം കാറ്റും മറന്നുവോ നിന്നെ..
തെളിയുന്ന പൂമാനം '... വിടരുന്നു
ധവള പുഷ്പങ്ങൾ
എവിടെയോ പാടുന്നു രാപ്പാടികൾ
അലിയുന്നു നിന്നിൽ ഞാൻ നിലാവേ
ഒരു നിശാഗന്ധിയായി.

# കവിത

റിഞ്ചു .യു 8B

## അമ്മയും ദൈവവും



അമ്മയാണെനിക്കെല്ലാം
നിഴലും വെളിച്ചവും വർണ്ണങ്ങളും
സ്വര താളലയങ്ങളും
എല്ലാമെനിക്കെന്നമ്മയാണ്.
കാണാക്കാഴ്ചകൾ അകക്കണ്ണാൽ
കാണുന്നതൊക്കെയും
വാക്കുകളായി എന്നുള്ളിൽ
നിറച്ചതും അമ്മ
കാണുന്നതിനൊക്കെയും
പൊരുളുള്ളതാണെന്നും
കൺ മയക്കും കാഴ്ചകൾ
മനം മയക്കുന്നതായി മാറ്റരുതെന്നും
മനസ്സിൽ നിറച്ചതും എന്നമ്മ
പുറം കണ്ണാൽ കാണുന്ന മനുഷ്യർ '
അകക്കണ്ണ് തുറന്നാലേ
അറിയുകയുള്ള സൃഷ്ടാവിൻ മഹത്വം
എനിക്കായ് അകക്കണ്ണെപ്പോഴും
തുറന്നു വച്ചിരിക്കുന്നൊരാ
അമ്മയാണെൻ കൺകണ്ട ദൈവം
അകക്കണ്ണാൽ കാണുന്നതോ
അരൂപിയാം ദൈവത്തെത്തന്നയല്ലോ '

## കടങ്കഥകൾ

മീനാക്ഷി വി ജി 10 B

അടിക്കല പൂക്കമ്പം പന്തീരായിരം- **നക്ഷത്രങ്ങൾ.**

അടിയില്ലാത്ത ഭരണി- **കിണർ.**
അഞ്ചുനായരും കുഞ്ചുനായരും കൂടി ഗുഹ കാണാൻ പോയി അഞ്ചു നായർ ഇങ്ങോട്ടും പോന്നു, കുഞ്ചുനായർ അങ്ങോട്ടും പോയി- **ഊണ് കഴിക്കൽ.**

അടി മുള്ള്, നടുന്ന കാട്, തല പൂവ്- **പൂവൻക്കോഴി.**

അതെടുത്തതിലേക്കിട്ടു, ഇതെടുത്തിതിലേക്കിട്ടു- **പായനെയ്യുക.**

അനേകം വേലി കെട്ടി, അതിനകത്തൊരു വെള്ളിക്കോൽ- **ഉണ്ണിപ്പിണ്ടി.**

അനിയത്തി ചോന്നിട്ട്, ഏട്ടത്തി പച്ചച്ച്, അമ്മച്ചി മഞ്ഞച്ച്- **തളിരില, പച്ചില, പഴുത്ത ഇല.**

അന്തണൻ വെന്തു, പൂണൂല് കരിഞ്ഞില്ല-കാട്ടിലെ **നടപ്പാത.**

അന്തിയാവോളം അകത്തോ പുറത്തോ, അന്തിയായാൽ പുറത്തു തന്നെ **-വാതിൽപ്പടി.**

അങ്ങുചെന്നു കിരുകിരുക്കും, ഇങ്ങുചെന്നു കിരുകിരുക്കും, പിന്നെ മിണ്ടാതെ മൂക്കിലിരിക്കും-**ചൂല്.**

അങ്ങേതിലെ ചങ്ങാതിക്ക് ഊണുകഴിഞ്ഞാൽ പിന്നെ കായ്ക്കാത്ത, പൂക്കാത്ത,ചെടിയുടെ ഇല വേണം- **വെറ്റില.**

അപ്പംപോലെ തടിയുണ്ട്, അല്പം മാത്രം തലയുണ്ട്- **ആമ.**

അപ്പാട്ടെ പട്ടിക്ക് നാക്കിൽ പല്ല്- **ചിരവ.**

അപ്പാട്ടുണ്ടൊരു കൊട്ടത്തേങ്ങ, ഉരുക്കിപ്പിടിക്കാൻ **ഞെട്ടില്ല-മുട്ട.**

അടയ്ക്കും തുറക്കും മണിമുത്തിൽ പത്തായം- **കണ്ണ്.**

ഇത്തിരിയുള്ളൊരു കരിമുട്ട, ഉരുണ്ടുരുണ്ടൊരു കരിമുട്ട, കുട്ട്യോളെ കരയിക്കും കരിമുട്ട-കുരുമുളക്.

ഇത്തിരിയുള്ളൊരു നെല്ലാണ്ടി വയറുകീറി ചത്താണ്ടി- നെല്ലുപുഴുങ്ങുക.

ഇത്തിരിയുള്ളൊരു ചൂടൻ പഴം തിന്നാൻ ആയിരം പൊൻ പണം സമ്മാനം-തീക്കട്ട.

ഇത്തിലൊന്ന് കൊണ്ടകം നിറഞ്ഞു-വിളക്ക്.

ഇന്നാൾ കണ്ട തേങ്ങാപ്പൂള്, ഇന്നയ്ക്കൊരു തേങ്ങാപ്പൂളായി-ചന്ദ്രൻ.

ഇപ്പോൾ കണ്ട വട്ടക്കണ്ണാടി, ഇന്നേയ്ക്കൊരു വെള്ളിത്തളികയായി-ചന്ദ്രൻ.

ഇപ്പോൾ കുത്തിയ പുത്തൻ കിണറ്റിൽ പത്തഞ്ഞൂറ് വെള്ളപ്പരൽ- അരി തിളയ്ക്കുന്നത്.

ഇപ്പോൾ പണിത പുത്തൻപുരയ്ക്ക് പത്തഞ്ഞൂറ് കിളിവാതിൽ-തേനീച്ചക്കൂട്.

ഇറയ്ക്കാത്ത കിണറ്, മേയാത്തപ്പന്തൽ, ഉരുക്കാത്ത മുറ്റം- കടൽ, ആകാശം, കടൽതീരം.

ഇഴഞ്ഞിഴഞ്ഞു പോകുന്ന പടമുള്ള രാജാവിന്റെ പേര് പറയാത്തവർക്ക് ആയിരം കടം-മൂർഖൻ പാമ്പ്.


ഇമ്മിണിക്കുന്നി കണ്ണെഴുതി-കുന്നിക്കുരു.

ഇരുട്ടു കാട്ടിൽ കുരുട്ടുപിൻ-പേൻ.

ഇരുട്ടു പുരയിൽ കുട്ട്യാന- പത്തായം.

# അനുസ്മരണം

## ഉമ്പായി -മലയാള ഗസൽ ഗായകൻ



കൃഷ്ണ ബി.എം 10B

മലയാള ഗസൽ ഗായകരിൽ പ്രമുഖനായിരുന്ന പി.എ. ഇബ്രാഹിം എന്ന ഉമ്പായി. നിരവധി പഴയ ചലച്ചിത്രഗാനങ്ങൾ ഉമ്പായി തന്റെ തനതായ ഗസൽ ആലാപന ശൈലികൊണ്ട് പുനരാവിഷ്കരിച്ചിട്ടുണ്ട്. ജോൺ എബ്രഹാമിന്റെ അമ്മ അറിയാൻ സിനിമയിൽ ഗസൽ ആലപിച്ചു. തന്റെ ശബ്ദം ആദ്യമായി റിക്കോർഡ് ചെയ്ത് കേൾപ്പിച്ചത് ജോണായിരുന്നെന്ന് ആത്മകഥയിൽ പറയുന്നു. ഉമ്പായിയും സച്ചിദാനന്ദനും ചേർന്ന് ഒരുക്കിയ ശ്രദ്ധേയമായ ഗസൽ ഗാന ആൽബമായിരുന്നു "അകലെ മൗനം പോലെ". അതിന് ശേഷം ഒ.എൻ.വി. കുറുപ്പ് എഴുതിയ ഗാനങ്ങൾക്ക് ഉമ്പായി ശബ്ദാവിഷ്കാരം നൽകിയ ആൽബമായിരുന്നു "പാടുക സൈഗാൾ പാടുക" എന്നത്. ഉമ്പായി എം. ജയചന്ദ്രനുമായി ചേർന്ന് "നോവൽ" എന്ന സിനിമയ്ക്ക് സംഗീതവും നൽകിയിട്ടുണ്ട്. 'രാഗം ഭൈരവി'എന്ന പേരിൽ ആത്മകഥ പ്രസിദ്ധീകരിച്ചിട്ടുണ്ട്.കരളിലെ അർബുദത്തെ തുടർന്ന് 2018 ആഗസ്റ്റ് ഒന്നിന് ആലുവയിലെ പെയിൻ & പാലിയേറ്റീവ് കെയർ ഹോമിൽ വച്ച് ഉമ്പായി അന്തരിച്ചു. മരണസമയത്ത് അദ്ദേഹത്തിന് 68 വയസ്സായിരുന്നു. ഭാര്യയും മൂന്ന് മക്കളുമുണ്ട്.

# ലേഖനം

**ഷെർളിപ്രമീളറ്റീച്ചർ**

## കൗമാരം











മനുഷ്യജീവിതത്തിൽബാല്യത്തിനുംയൗവനത്തിനും ഇടയ്ക്കുള്ള, ശാരീരികവും മാനസികവുമായ സങ്കീർണ്ണ പരിവർത്തനഘട്ടമാണ് കൗമാരം (Adolescence). ലോകാരോഗ്യസംഘടനയുടെ (WHO) നിർവ്വചനമനുസരിച്ച് കൗമാരം 10 വയസ്സുമുതൽ 19 വയസ്സുവരെയുള്ള വളർച്ചാ-വികാസഘട്ടമാണ്. ശാരീരിക വളർച്ചയ്ക്കൊപ്പം മാനസികവളർച്ചയും ലൈംഗികശേഷിയും ഉണ്ടാകുന്നതിനാൽ ചിന്താരീതിയിലും വൈകാരിക മണ്ഡലത്തിലും കാര്യമായ വ്യതിയാനങ്ങൾ രൂപപ്പെടുന്നതിനാൽ ഈ കാലഘട്ടം മനഃശാസ്ത്രജ്ഞരുടേയും ശിശുഗവേഷകരുടേയും വിദ്യാഭ്യാസ വിചക്ഷണരുടേയും ആരോഗ്യ വിദഗ്ധരുടെയും സവിശേഷ ശ്രദ്ധ ആകർഷിക്കുന്നു. ഹോർമോണുകളുടെ വർദ്ധനവ്, വേഗത്തിലുള്ള ശാരീരിക വളർച്ച, പക്വതക്കുറവ്, ചുറ്റുപാടുകൾ ഏൽപ്പിക്കുന്ന സംഘർഷങ്ങൾ, സംസ്കാരം, മതം, ആചാരം, പാരമ്പര്യം, ലിംഗഭേദം എന്നിവയുടെ സ്വാധീനം; പോഷകാഹാരം, മാധ്യമങ്ങളുടെ സ്വാധീനം, കൂട്ടുകാർ, ദാരിദ്ര്യം എന്നിവയെല്ലാം ഈ കാലഘട്ടത്തിൽ ശരീരത്തിന്റെയും മനസ്സിന്റേയും വളർച്ചാ-വികാസങ്ങളെ ബാധിക്കുന്നു. ലൈംഗികവളർച്ചയും സ്വപ്നസ്ഖലനവും സ്വയംഭോഗവും എതിർലിംഗത്തോടോ ചിലരിൽ സ്വലിംഗത്തോടോ ആകർഷണവും ആർജ്ജിക്കുന്ന പ്രായമാണിത്. അതിന്റെ ഭാഗമായി സ്വാഭാവികമായും ചിലരിൽ പ്രണയം ഉടലെടുക്കുന്നു. ട്രാൻസ്ജെൻഡറുകൾ, സ്വവർഗാനുരാഗികൾ തുടങ്ങിയ ലിംഗ-ലൈംഗികന്യൂനപക്ഷങ്ങൾ (LGBTIQ) സ്വന്തം സ്വത്വം തിരിച്ചറിയാൻ സാധ്യതയുള്ള ഒരുഘട്ടം കൂടിയാണിത്. മദ്യം, മയക്കുമരുന്ന്, സിഗരറ്റ്, ആത്മഹത്യ, സുരക്ഷിതമല്ലാത്ത ലൈംഗികബന്ധം, അനാവശ്യ ഗർഭധാരണം, ലൈംഗികരോഗങ്ങൾ,

അമിതമായ കോപം, വിഷാദം, ഒറ്റപ്പെടൽ, മുഖക്കുരു, പഠനവൈകല്യം,കുടുംബപ്രശ്നങ്ങൾ,

പ്രണയനൈരാശ്യം എന്നിവയെല്ലാം ഈ ഘട്ടത്തിൽ സമ്മർദ്ദഘടകങ്ങളാകുന്നുണ്ട്.ഇവയെഅതിജീവിക്കുന്നതിനും ആരോഗ്യകരമായ ശാരീരിക-മാനസിക വികാസത്തിന് ഉതകുംവിധം കൗമാര മനസ്സുകളെ പാകപ്പെടുത്തുന്നതിനുംഅധ്യാപകർക്കുംരക്ഷാകർത്താക്കൾക്കുംആരോഗ്യ പ്രവർത്തകർക്കും മാധ്യമങ്ങൾക്കും സമൂഹത്തിനുംബാദ്ധ്യതയുണ്ട്. കൗമാര വിദ്യാഭ്യാസം, ലഹരിവിമോചന പരിപാടികൾ, ആരോഗ്യലൈംഗിക വിദ്യാഭ്യാസം, കൗൺസിലിംഗ്, മനഃശാസ്ത്ര ചികിത്സ തുടങ്ങിയവ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനായി നടത്താറുണ്ട്.

ലോകത്താകെ 1.2 ബില്യൺ കൗമാരപ്രായക്കാരുണ്ട്. അവരിൽ 243 ദശലക്ഷം പേരും ഇന്ത്യക്കാരാണ്.

## കൗമാരത്തിലെ ആരോഗ്യ സംരക്ഷണം

ഭക്ഷണം: വൈകാരികതക്ക് പ്രാധാന്യം നൽകുന്നതിനാൽ ഭക്ഷണ വിഷയങ്ങളിൽ കൗമാരക്കാർക്ക് താത്പര്യം കുറയുന്നു. കുട്ടികൾക്ക് ഇഷ്ടമുള്ള ഭക്ഷണങ്ങൾ പോഷക സമൃദ്ധമാക്കുക എന്നതാണ് ഇതിനുള്ളപരിഹാരം.

. കൃത്യ സമയത്ത് ഭക്ഷണം കഴിക്കുന്ന ശീലം കുട്ടികളിൽഉണ്ടാക്കിയെടുക്കുക.

. ഇലക്കറികളും പഴവർഗങ്ങളും ഡ്രൈ ഫ്രൂട്സുകളും സ്ഥിരമായികഴിക്കണം.

. മാസമുറ സമയത്ത് ഭക്ഷണം പോഷക സമൃദ്ധമായിരിക്കണം.

. മത്സ്യം, കടല, പയർ വർഗങ്ങൾ, ഇലക്കറികൾ തുടങ്ങിയവശീലമാക്കണം.

. സ്ഥിരമായി പാൽ കുടിക്കുന്നത് കാത്സ്യക്കുറവ് പരിഹരിക്കും.

. ഭക്ഷണത്തിന്റെ കൂടെ മുട്ട കഴിക്കുന്നത് ശീലിക്കുക.

. മൈദ അടങ്ങിയ വിഭവങ്ങൾ കഴിവതും ഒഴിവാക്കുക.

.വെള്ളംധാരാളംകുടിക്കുക.

. ഫാസ്റ്റ് ഫുഡ്, വറുത്ത പലഹാരങ്ങൾ, ഐസ്ക്രീം, ചോക്ലേറ്റ് , ചിക്കൻ വിഭവങ്ങൾ പരമാവധി ഒഴിവാക്കുക. പെൺകുട്ടികളിൽ ആർത്തവ പ്രശ്നങ്ങൾക്കും ഇഛജഉ എന്ന ശ്വാസകോശ രോഗത്തിനും ഇവയുടെ അമിത ഉപയോഗം കാരണമാകുന്നു.

### വ്യായാമം

ശരീരത്തിന്റെ ചലനങ്ങളുടെ കുറവ് വലിയ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇതിന് വ്യായാമം മാത്രമാണ് പരിഹാരം. ആൺകുട്ടികൾ കളിക്കുന്നവരായാൽ മതി. എന്നാൽ, പെൺകുട്ടികൾ ശാരീരിക വളർച്ച തുടങ്ങുന്നതോടെ അതുവരെയുള്ള കളികൾ കൂടെ അവസാനിപ്പിക്കുന്ന പ്രവണതയുണ്ട്. അതിനാൽ തന്നെ 15 മിനുട്ട് സമയമെങ്കിലും പ്രധാന വ്യായാമമുറകൾ പെൺകുട്ടികൾ ശീലിക്കേണ്ടത് നിർബന്ധമാണ്. ശ്വസന വ്യായാമവും യോഗയും ശരീരത്തിന് വലിയ തോതിൽ ഊർജം പ്രദാനം ചെയ്യുന്നു.

### തുറന്ന ചർച്ചകൾ

. കൗമാര പ്രശ്നങ്ങൾ നേരിടുന്നതിന് ബഹുമുഖമായ സമീപനം രക്ഷിതാക്കളുടെയും അധ്യാപകരുടെയും ഭാഗത്തുനിന്ന് ഉണ്ടാകണം. വീട്ടിൽ തുറന്ന് സംസാരിക്കാനുള്ള കുടുംബ, സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുക.

. സോഷ്യൽ മീഡിയ, ടി വി തുടങ്ങിയവയുടെ അപകടങ്ങളും ചതിക്കുഴികളും അവരെ ബോധ്യപ്പെടുത്തുകയും ഫലപ്രദമായി

ഉപയോഗിക്കുന്നതിനെ കുറിച്ച് ചർച്ച നടത്തുകയും വേണം.

. പാഠ്യേതര പ്രവർത്തനങ്ങൾ വളർത്തിയെടുത്താൽ കൗമാരകാലത്തെ വർധിച്ച മാനസികോർജത്തെ ശരിയായ ദിശയിൽ തിരിച്ചു വിടാൻ കഴിയുന്നു.

. 'നോ' പറയാൻ ശീലിപ്പിക്കുക. ഇഷ്ടമില്ലാത്ത പ്രവർത്തികളിലേക്ക് ബന്ധുക്കളോ സ്വാധീനമുള്ളവരോ എങ്ങനെ നിർബന്ധിപ്പിച്ചാലും അവരോട് പക്വതയോടെ 'കഴിയില്ല' എന്ന് പറയാനുള്ള ശേഷി കൗമാരക്കാരിൽ വളർത്തിയെടുക്കണം. പുകവലി, മറ്റു ലഹരി പദാർഥങ്ങളുടെ ഉപയോഗം എന്നിവയിലേക്ക് പോകാതിരിക്കാനും ഈ പക്വത സഹായിക്കും.

. ആവശ്യമുള്ള ഘട്ടങ്ങളിൽ സാഹചര്യം മനസ്സിലാക്കി അനുയോജ്യരായവരിൽ നിന്നും സഹായങ്ങൾ തേടാൻ കൗമാരക്കാരെ പരിശീലിപ്പിക്കണം.

. മാനസികാരോഗ്യ പ്രശ്നങ്ങൾ, കൗമാര മാനസിക വെല്ലുവിളികൾ തുടങ്ങിയ പ്രശ്നങ്ങൾ പരിധിയിൽ കൂടിയാൽ കൗൺസിലിംഗ്, ബിഹേവിയർ തെറാപ്പി, ഫാമിലി കൗൺസിലിംഗ് വിദഗ്ധരെ സമീപിക്കാം.

## മാതാവിന്റെ ഉത്തരവാദിത്വങ്ങൾ

കൗമാരഘട്ടത്തിൽ പെൺകുട്ടികൾക്കുണ്ടാകുന്ന സ്വാഭാവിക ശാരീരികലൈംഗിക മാറ്റങ്ങളെ ആത്മവിശ്വാസത്തോടെയും സന്തോഷത്തോടെയും സ്വീകരിക്കാൻ അവരെ പ്രാപ്തരാക്കണം. ആർത്തവ തുടക്കവും മറ്റു ശാരീരിക അസ്വസ്ഥതകളും ഉണ്ടാവുമ്പോൾ മാതാക്കൾ ഒപ്പം നിൽക്കണം. വിഷയങ്ങൾ തുറന്ന് സംസാരിക്കണം. ആർത്തവത്തിന്റെ തുടക്കത്തിൽ പ്രകടമാകുന്ന ദേഷ്യവും വാശിയും രക്ഷിതാക്കൾ ഉൾകൊള്ളണം. പ്രതിസന്ധിഘട്ടം തരണം ചെയ്യാൻ മാതാക്കളുടെ സ്നേഹവും കരുതലും സാന്നിധ്യവും ഉണ്ടായിരിക്കുന്നത് വലിയ ഗുണം ചെയ്യും.

## ലൈംഗികവിദ്യാഭ്യാസം

കൗമാര പ്രായത്തിൽ കുട്ടികളിൽ ഉണ്ടാവാനിടയുള്ള ലൈംഗിക ചോദ്യങ്ങളും സംശയങ്ങളും കുട്ടിയുടെ പ്രായത്തിനനുസരിച്ച് ലളിതമായി സൗമ്യമായി പറഞ്ഞു തീർക്കാൻ മാതാപിതാക്കൾക്ക് കഴിയണം. നമ്മൾ അവരെ ഇത്തരം ചോദ്യങ്ങളുടെ സമയത്ത് കളിയാക്കുകയോഅവഗണിക്കുകയോനിസ്സാരപ്പെടുത്തുക യോ ചെയ്താൽ അവർ തെറ്റായ സ്രോതസ്സുകളിൽ നിന്നും ഉത്തരങ്ങൾ നേടാൻ ശ്രമിക്കുകയും അത് ദോഷകരമായി ഭവിക്കുകയും ചെയ്യും. തന്റെയും കുടുംബത്തിന്റെയും ഭാവിയെയും സാംസ്കാരിക മൂല്യങ്ങളെയും ദോഷകരമായി ബാധിക്കുന്ന സാഹചര്യങ്ങൾ പിന്നീട് ഉണ്ടാവാതിരിക്കാൻ കൃത്യമായ ലൈംഗിക വിദ്യാഭാസം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പകരേണ്ടത് അത്യാവശ്യമാണ്.



# സ്കൂൾപ്രവർത്തന റിപ്പോർട്ട്

2018-19 അധ്യയന വർഷത്തിൽ 100 % വിജയംനേടി.പ്രവേശനോത്സവം,വായനാദിനം.ആഗസ്റ്റ്15 ഓണാഘോഷം, ഗാന്ധിജയന്തി, ശിശുദിനം, ക്രിസ്മസ് ആഘോഷം എന്നിവ ഭംഗിയായി നടത്തി.സ്കൂൾ കലോത്സവം, പ്രവർത്തി പരിചയമേള എന്നിവ നടത്തി. ഓണത്തിന് ഒരു മുറം പച്ചക്കറി ഒരുക്കി 'വാർത്താപ്രാധാന്യം നേടി.സ്മാർട്ട് ക്ലബ്ബ്, റെഡ് ക്രോസ് എന്നിവ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.6/9/2019 ൽ പച്ചക്കറി വിപണനമേള സംഘടിപ്പിച്ചു. സബ് ജില്ലാ പ്രവർത്തി പരിചയമേളയിൽ ഓവറോൾ ഫസ്റ്റ് നേടി.സംസ്ഥാന തലത്തിൽ രണ്ട് വിദ്യാർത്ഥികൾ AGrade നേടി.NuMaths, STEPS,Talent Search Exam എന്നീ മേഖലകളിൽ വിദ്യാർത്ഥികൾവിജയിച്ചു.പൂർവ്വവിദ്യാർത്ഥികളുടെ സഹായത്തോടെ Volley ball court നിർമ്മിച്ചു.





**LKUnit** സ്കൂളിലെ എല്ലാ പരിപാടികളിലും video recording, photography എന്നിവ ചെയ്യുന്നുണ്ട്. അമ്മമാർക്ക് വേണ്ടി **Hi-tech training** നടത്തി. രക്ഷകർത്താസമതിയുടെ പൊതു മീറ്റിംഗിൽ 1 മണിക്കൂർ ദൈർഘ്യമുള്ള ' **documentary** ചെയ്ത് ഭംഗിയായി അവതരിപ്പിച്ചു. Class room Hitech ഉപയോഗത്തിൽ LIK അംഗങ്ങൾ സജീവമായി ഇടപെടലുകൾ നടത്തി വരുന്നു'



# PHOTO GALLERY



**Sri.I B SATHEESH ,MLA,KATTAKKADA INAUGURATES ORGANIC VEGETABLE HARVESTING**

**SCHOOL 2019-20**


SWITCH OFF
LIGHTS & FANS
AFTER USE






PowerDirector

















# ENGLISHWORLD

# POEM

Amala A S 10 A

## LOVE



Love is the softest feeling
With which you can touch the other's heart
And make feel that he is a precious creature
On earth
It can make the sad and depressed
Think that there is some one to
Share his burdens
Love has magic powers
That can change the other
An angel with wings of hope
Love is tender
That can render the belief
That he is born for loving others.
Love is a tool that can break through
Even the hardest heart to
Prove that there is hidden pearls
Of the dews of love that had been stored..
And make the world the heaven of love

# Story

## Man and Man

## Amala A S 10 B

It was the peek our of business. Madhavan was busy with his customers. He was effortlessly smiling at them asking their needs and giving instructions to the sales girls. But the face of anyone was strucking his mind till a middle aged man asked him to show a shirt of 60cm. Madhavan smiled and looked at the man .He was well dressed with a golden rimmed specs. And his appearance proved that he was a middle class man. Hiding his astonishment about the man's ignorance of the size of ready made shirts, Madhanvan politely said that the maximum size of shirt is forty eight .

"But I need a bigger size " he was not ready to give up

"You are a slim and healthy man,I think your size may be thirty eight or forty" Madhavan retorted

"I want the shirt for my brother. He came to see me last week after thirty two years. He was in America with his family. We are eight children in the family. He is the elder and I am the youngest. He had no contact with us for the past thirty years. When he eloped to America I was only ten years old. I had only a vague memory about him".

"Last week when he came back he had nothing but the dress he wore. My wife and children were very happy to receive him. My son thinks he has got an uncle bun of his own. My wife is very satisfied that her brother-in law to gulp whatever she experiments in the kitchen, without any complaints and with a lot of complements. But what I found hurting me is that I cannot offer him any of my shirts or pants even though I have plenty."

"What happened?"Madhav's question was louder and the crowd stood still for a moment.

"He is a man of 180kg.In America special dress could be purchased as twenty percent of the population has grown up to this gigantic structure, like my brother. What can I do now?"

Mahavan felt he should do something for this man.He never experienced the warmth of broternal love .He had a brother , but they were like the biblical brothers. He was living with the fear of being killed at any time by his brother. He used to go out with two or three security men and they would always follow him like shadows.



He would curse his mother for delivering such a wrong fellow who made his life so miserable. But now he heard a different story, he met a man who wanted to do impossible things for his brother who had been unknown for him the past thirty two years.

"I will arrange shirts and shorts for your big brother within two or three days,Don't worry.."

"Thank you thanks a lot..." When the man went out with a smiling face , Madhavan thought this would be the most satisfactory customer dealing in his business.

# Poem

## Mind

**Athul S R 10 B**

**My mind is blowing like the wind**
**To control it according to**
**The will of others around**
**Is I found futile**
**But I have been told**
**Continuously to put out**
**The fire within my mind**
**They try to fill my mind**
**With fear of religion**
**Fear of caste and fear of death**
**They try to make my mind heavier**
**With the burden of commitments**
**Sot hat I cannot let my mind wander**
**Like the wind...**
**But bare minded..**
**I wander like the wind**
**And carry the fragrance of love**
**Spreading out the sweetness of**
**Kindness and mercy**
**I cannot but be so..**
**Let them chop my mind and mould**
**It according to their will**
**When my soul departs my body**



# പ്രതിഭകൾ



AALVIN JOSE 10 A



VISHNU B Std 7



ARYA A R



SARATH J T Std 7



ASWINI,SHIFA,AKSHAYA,ANNIE,VAISHNA,
NANDHANA,KRISHNA

L F H S ANTHIYOORKONAM

THE SCHOOL
OF
EXCELLENCE

CLASSES

FROM 1 TO 10

ENGLISH &MALAYALAM
MEDIUM

ADMISSION STARTED
FOR

2020-21